# അക്കാദമി മാസ്റ്റർ പ്ലാൻ
# 2025-26

## ഗവൺമെൻറ് എൽ പി സ്കൂൾ
## നമ്പ്യാർകുന്ന്

## സുൽത്താൻബത്തേരി സബ്ജില്ല

# ആമുഖം

പൊതു വിദ്യാലയത്തിന്റെ ഗുണമേന്മ മെച്ചപ്പെടു-ത്തുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നതിനും കുട്ടികളിൽ ഉള്ള മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്.അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതിയാണ് അക്കാദമി മാസ്റ്റർ പ്ലാൻ. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

# അവസ്ഥാവിശകലനം

ആകെ കുട്ടികൾ :35

ഗോത്ര വിഭാഗത്തിൽപ്പെട്ടവർ :29

## മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ

സുൽത്താൻ ബത്തേരി ഉപജില്ലാ കലോത്സവത്തിൽ 7 ഇനങ്ങളിൽ പങ്കെടുത്തു.

ഓരോ കുട്ടിയും സങ്കോചമില്ലാതെ അസംബ്ലിയിൽ പരിപാടികൾ അവതരിപ്പിക്കുന്നു.

## നേരിട്ട പ്രശ്നങ്ങൾ

രക്ഷിതാക്കളുടെ പിന്തുണ ഇല്ല.

സമ്പൂർണ്ണ പങ്കാളിത്തം ഉള്ള ക്ലാസ് ഉണ്ടാകാറില്ല.

കുട്ടികളുടെ ഹാജർ ഇല്ലായ്മ.

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
2.കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്.
3.സ്വന്തം ആശയങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാവും വിധം അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിന്.
4.ഗണിത പഠനം രസകരമാക്കൽ
5.ചതുഷ്ക്രിയകൾ ലളിതമാക്കൽ
6.ഗണിതശേഷികളുടെ പ്രകടനം
7.ഇംഗ്ലീഷ് വാക്കുകളും ലഘുവാക്യങ്ങളും എഴുതുന്നതിന് വായിക്കുന്നതിന്
8.ഇംഗ്ലീഷ് സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിന്
9.ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുന്നതിന്
10 പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

# പ്രവർത്തന കലണ്ടർ

| | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | വായനോത്സവം | ജൂൺ -മാർച്ച് |
| 2 | പാട്ടരങ്ങ് | ജൂൺ -മാർച്ച് |
| 3 | കഥോത്സവം | ജൂലൈ- മാർച്ച് |
| 4 | സംയുക്ത ഡയറി സർഗാത്മക ഡയറി | ജൂലൈ -മാർച്ച് |
| 5 | രചനോത്സവം | മാർച്ച് |
| 6 | ഗണിത കളികൾ ഗണിത ലാബ് | ജൂൺ -ജൂലൈ |
| 7 | ഗണിത പഠനോപകരണം ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച് |
| 8 | ഇംഗ്ലീഷ് വായന മൂല | ജൂൺ- മാർച്ച് |
| 9 | ഇംഗ്ലീഷ് ടെസ്റ്റ് | |
| 10 | പ്രകൃതി നടത്തം | ജൂൺ -മാർച്ച് |
| 11 | പൂന്തോട്ട നിർമ്മാണം | ജൂൺ -മാർച്ച് |
| 12 | പരീക്ഷണം | ജൂൺ- മാർച്ച് |
| 13 | വിലയിരുത്തൽ | ജൂൺ -മാർച്ച് |

# പ്രവർത്തനങ്ങൾ

## 1.വായനോത്സവം

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക എന്ന ലക്ഷ്യത്തോടെ വായനോത്സവം ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ നടത്തുന്നു

പ്രവർത്തന ഘട്ടങ്ങൾ

ജൂൺ -ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ ഓരോ ക്ലാസിന്റെയും നിലവാരത്തിൽ യോജിച്ചവർ

ജൂലൈ - പുസ്തകം നോക്കി അധ്യാപിക കഥ പറഞ്ഞു കൊടുക്കുന്നു ചിത്രം കാണിക്കുന്നു പിറ്റേദിവസം ആ കഥ ക്ലാസിലും അസംബ്ലി അവതരിപ്പിക്കുന്നു

ആഗസ്റ്റ് മുതൽ രക്ഷിതാക്കളുടെ പിന്തുണയുള്ള കുട്ടികൾക്ക് കഥാപ്രസ്ഥാനങ്ങൾ ആഴ്ചയിൽ ഒന്ന് കൊടുത്തുവിടുന്നു വീട്ടിൽ നിന്നു വായിച്ചു സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു

## 2.പാട്ടരങ്ങ്

സ്കൂൾ അസംബ്ലിയിൽ ,ക്ലാസ് പി ടി എ യിൽഎല്ലാം കഥകൾ പാട്ടുകൾ കവിതകൾ അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കുംഅവതരിപ്പിക്കുന്നു പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു.

## 3.കഥോത്സവം

ക്ലാസ് പി ടി എ യിലുംസ്കൂൾ അസംബ്ലിയിലും കഥ വായിച്ച് അവതരിപ്പിക്കുന്നു.പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു.

## 4.സംയുക്ത ഡയറി/സർഗാത്മക ഡയറി

കുട്ടികളെ സ്വതന്ത്രരാജ എന്ന ലക്ഷ്യത്തോടെ ഒന്നാം ക്ലാസിൽ സംയുക്തമൂന്ന് നാല് ക്ലാസുകളിൽ സർഗാത് ഏറിയും ജൂലൈ മാസം മുതൽ നടപ്പിലാക്കുക

## പ്രവർത്തന ഘട്ടങ്ങൾ

ക്ലാസ് പി ടി എയോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ

അച്ചടിച്ച ഡയറി കാണാൻ അവസരം നൽകാൻ

ഡയറി പ്രകാശനം

## 5. രചനോത്സവം

ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ കാണിക്കുന്നു.അതിന്റെ അടിസ്ഥാനത്തിൽ കഥ എഴുതുന്നു ഒന്നാം ക്ലാസിലെ സംയുക്തരചനകളുമാവാം.

## 6.വിവിധതരം ഗണിതകളികൾ

1.ഏണിയും പാമ്പും
2.ഡയസ് കളി (സങ്കലനം, വ്യവകലനം, തൊട്ടുമുമ്പിലുള്ളത്, ശേഷമുള്ളത് എന്നിവ മനസ്സിലാക്കാൻ )
3.ഗണിത ലാബ്
4.ഗണിത പഠനോപകരണ ശില്പശാല
5.പഠനോപകരണങ്ങളുടെ നിർമ്മാണം
6.പ്രശ്നോത്തരി ,പസിൽ,പാറ്റേൺ
7.പഠനോപകരണംഉൽപ്പന്നങ്ങളുടെ പ്രദർശനം

## 7. ഇംഗ്ലീഷ്

1.ഇംഗ്ലീഷ് ഭാഷയിൽസ്വയം പരിചയപ്പെടുത്തൽ
2.ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ലഘുവാക്കുകൾ, വാക്യങ്ങൾ എന്നിവ ഉപയോഗിക്കൽ
3.ഇംഗ്ലീഷ് വായന മൂല (കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് വായന കാർഡുകൾ ഉൾക്കൊള്ളിച്ച് വായന മൂല )
4.ഇംഗ്ലീഷ് ഫെസ്റ്റ്
5.റോൾപ്ലേ, സ്കിറ്റ്

8.പ്രകൃതി നടത്തം

പൂന്തോട്ടം ഒരുക്കാം
സ്കൂളിൽ പൂന്തോട്ടം ഒരുക്കൽ
സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ

9.പരീക്ഷണം

ദിവസവും ഒരു പരീക്ഷണം എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ച് നടത്തുന്നു നിരീക്ഷിച്ച് നിഗമനം രേഖപ്പെടുത്തുന്നു.